II. അടിയന്തിര പ്രമേയം

കോട്ടയത്തെ കേരളാ കോൺഗ്രസ് സെൻട്രൽ കമ്മിറ്റി ആഫീസിൽ നടന്ന ആക്രമണം

9.30 a.m.]

മി. സ്പീക്കർ: കോട്ടയത്തുള്ള കേരളാ കോൺഗ്രസ് ഓഫീസിൽ നടന്ന ആക്രമണത്തെത്തുടർന്നു അവിടെ നിലവിലിരിക്കുന്ന സംഘർഷാവസ്ഥയെക്കുറിച്ചു ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാനടപടികളം നിറുത്തിവയ്ക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. വി. ടി. സെബാസ്റ്റ്യൻ റൂൾ 50 അനുസരിച്ചു ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, 30-8-1979 അതിരാവിലെ കേരളാ കോൺഗ്രസിന്റെ കോട്ടയത്തുള്ള കേന്ദ്രക്കമ്മിറ്റി ഓഫീസിൽ ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിലുള്ള കേരളാ കോൺഗ്രസ് പ്രവർത്തകൻമാർ പ്രവേശിക്കുകയും അതിനെ തുടർന്നു അവിടെ നിർഭാഗ്യകരമായ ചില അനിഷ്ടസംഭവങ്ങളം ഉണ്ടാകുകയും ചെയ്തു. ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിവുള്ളതു പോലെ കേരളാ കോൺഗ്രസിലുണ്ടായ പിളർപ്പിനെ തുടർന്നു ഉണ്ടായ ഒരു അനിഷ്ടസംഭവമാണ് ഇത്.

ഈ സംഭവത്തെത്തുടർന്നു പോലീസ് ആക്ട് 27-ാം വകുപ്പനുസരിച്ച് രാവിലെ എട്ടരമണിയോടുകൂടി കെട്ടിടം പോലീസ് കൈവശം ഏറ്റെടുക്കുകയുണ്ടായി. നിയമസമാധാനം കാത്തുസൂക്ഷിക്കാൻവേണ്ടി അങ്ങനെ ഒരു നടപടി ആവശ്യമാണെന്നു കണ്ടതുകൊണ്ടാണ് പോലീസ് ആക്ടിലെ സെക്ഷൻ 27 അനുസരിച്ചു കളക്ടർ നിർദ്ദേശം നൽകിയതനുസരിച്ച് ഇത്തരത്തിൽ കെട്ടിടം ഏറ്റെടുത്തത്. സർ, ഇതിനു കുറച്ചു ദിവസങ്ങൾക്കു മുമ്പ് കോട്ടയം സബ്കോടതിയിൽ ഈ കെട്ടിടത്തിൽ ആരെങ്കിലും പ്രവേശിക്കുന്നതിനെ തടയണം എന്നൊക്കെ ആവശ്യപ്പെട്ടുകൊണ്ട്, ഞാൻ അറിയുന്നതു ശ്രീ. കെ. എം. മാണി തന്നെ ആണെന്നാണ്, ഒരു കേസ് ഫയൽ ചെയ്തിരുന്നു. അതിന്റെ നടപടി നടക്കുന്നതിനിടയിലാണ് ഇത്തരം ഒരു സംഭവം ഉണ്ടായത്. അന്നുതന്നെ, ഈ 30-ാം തീയതിതന്നെ, രണ്ടരമണിക്ക് ഈ കേസിന്റെ പുറത്തു ബഹുമാനപ്പെട്ട ജഡ്ജി ഒരു താൽക്കാലിക വിധി നൽകിയിട്ടുണ്ട്. ആ വിധിയിൽ അദ്ദേഹം പറഞ്ഞത് സ്റ്റാറ്റസ്കോ മെയിൻറയിൻ ചെയ്യാനാണ്. സ്റ്റാറ്റസ്കോ മെയിൻറയിൻ ചെയ്യുക എന്നു പറഞ്ഞാൽ എന്താണ് അതിന്റെ വ്യക്തമായ അർത്ഥം എന്നുള്ളതിനെ സംബന്ധിച്ചു സംശയം തീർക്കാൻവേണ്ടി ലാ ഡിപ്പാർട്ടുമെന്റുമായി ആലോചിക്കുകയും ചെയ്തു. കളക്ടർ ഈ കെട്ടിടം ഏറ്റെടുത്തു. രാവിലെ എട്ടരമണിക്ക് കെട്ടിടം ഏറ്റെടുത്ത നിലക്ക് ഉച്ചക്ക് രണ്ടരമണിക്ക് ജഡ്ജിയുടെ ഈ വിധി പ്രസ്താവിച്ചപ്പോൾ കളക്ടറുടെ പൊസഷനിൽ ഇതു തുടരണമെന്ന അഭിപ്രായത്തിലാണ് ഗവൺമെൻറ് എത്തിച്ചേർന്നത്. അതിനുശേഷം ഈ കെട്ടിടം കളക്ടറുടെ പൊസഷനിൽ ഇരിക്കുകയാണ്. എല്ലാ ദിവസവും അവിടെ ചില സമരപരിപാടികളം, ഈ കെട്ടിടത്തിന്റെ മുമ്പിൽ നടക്കുന്നുണ്ട്. അവിടെ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടി പോലീസ് ജാഗ്രതയായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു അനിഷ്ടസംഭവങ്ങൾ അതിനുശേഷം ഉണ്ടായിട്ടില്ല. 3-10-1979-ൽ ഈ കേസ് സബ്കോടതിയിൽ പോസ്റ്റുചെയ്തിട്ടുണ്ട്. കോടതിവിധി

LIBRARY ARCHIVES Kerala Legislative Assembly

എന്താണെന്നു ഗവൺമെൻറ് കാത്തിരിക്കുകയാണ്. കോടതിവിധി അനുസരിച്ചു ഗവൺമെൻറ് പ്രവർത്തിക്കുന്നതാണ്. അതുവരെ നിയമസമാധാനലംഘനം ഉണ്ടാകാതിരിക്കാൻവേണ്ടി പോലീസ് ആക്ട് 27 അനുസരിച്ചു ഇതു കളക്ടറുടെ കൈവശം തുടരും.

സർ, സംഭവം നടന്ന ദിവസം, എനിക്ക് ബഹുമാനപ്പെട്ട സബാസ്റ്റ്യൻ എഴുതിത്തന്ന നോട്ടീസിൽ പറയുന്ന ചില വസ്തുതകളെപ്പറ്റി പരാമർശിക്കേണ്ടതായിട്ടുണ്ട്. ഈ സഭയിലെ ചില അംഗങ്ങൾതന്നെ അന്നു അവിടെ ഉണ്ടായിരുന്നു. ശ്രീ. കെ. വി. കുര്യനും, ശ്രീ. ഈപ്പൻ കണ്ടക്കുടിയും ഈ സമയത്തു ആ കെട്ടിടത്തിൽ ഉണ്ടായിരുന്നു; അന്നു ഓഫീസിൽ ഉണ്ടായിരുന്നു. അതുപോലെതന്നെ അവിടെ കയറിച്ചെന്ന ആളുകൾ ശ്രീ. ടി. എം. ജേക്കബിന്റെ നേതൃത്വത്തിലാണ് അവിടെ പ്രവേശിച്ചത്. അങ്ങനെ നമ്മുടെ നിയമസഭയിലെ മൂന്നു അംഗങ്ങൾതന്നെ ഇതിൽ ബന്ധപ്പെട്ടിട്ടുണ്ട്. അതിനു പുറമെ ശ്രീ. കെ. സി. സബാസ്റ്റ്യൻ എം.പി.യും അവിടെ ഉണ്ടായിരുന്നു. ഈ നോട്ടീസിൽ പറയുന്നതു ശ്രീ. സബാസ്റ്റ്യനേയും ശ്രീ. കെ. വി. കുര്യനേയും ഒരു പറ്റം ഗുണ്ടകൾ മർദ്ദിച്ചു എന്നാണ്. സർ, ഈ കാര്യത്തെ സംബന്ധിച്ചു ഞാൻ പോലീസിനോടും കളക്ടറോടും ഒക്കെ അന്വേഷിക്കുകയുണ്ടായി. ഇത്തരത്തിൽ ഒരു മർദ്ദനത്തിന്റെ പരാതി ഈ സംഭവം ഉണ്ടായ ഉടനെ ബഹുമാനപ്പെട്ട മെമ്പർമാർതന്നെ പോലീസിനു നൽകിയിരുന്നില്ലെന്നാണ് അവിടെനിന്നും എനിക്ക് കിട്ടിയ റിപ്പോർട്ട്. എന്നാൽ വീണ്ടും എന്റെ സുഹൃത്തു ഈപ്പൻ കണ്ടക്കുടി ഈ കാര്യത്തെ സംബന്ധിച്ച് എനിക്ക് ഒരു പരാതി സമർപ്പിച്ചിട്ടുണ്ട്. ഉടനെതന്നെ അതിനെപ്പറ്റി വിശദമായി അന്വേഷിച്ചു വീണ്ടും റിപ്പോർട്ട് സമർപ്പിക്കാൻ അതു കളക്ടർക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. ശ്രീ. കെ. സി. സബാസ്റ്റ്യൻ എം. പി.യും ശ്രീ. ഈപ്പൻ കണ്ടക്കുടി എം.എൽ.എ.യും ഓഫീസിൽ ഉണ്ടെന്നും അവർക്ക് അപകടമുണ്ടെന്നും പോലീസിനു റിപ്പോർട്ടുചെയ്തു, പോലീസ് അതിനെപ്പറ്റി അന്വേഷിച്ചില്ല തക്കസമയത്ത് എന്നും ഒരു പരാതി ഉന്നയിച്ചിട്ടുണ്ട്. അതിനെപ്പറ്റിയും ഞാൻ അന്വേഷിച്ചു. എനിക്ക് അവിടെനിന്നും കിട്ടിയ റിപ്പോർട്ടുകൾ അവർ ഉടനെതന്നെ അവിടെ ചെന്നു അന്വേഷിച്ചു, പെട്ടെന്നു അവരെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല, അവർക്കോ മറ്റാർക്കെങ്കിലുമോ ബുദ്ധിമുട്ടുകൾ ഒന്നും ഉണ്ടായില്ല; ഓഫീസിൽനിന്നും കുറച്ചുകഴിഞ്ഞപ്പോൾ അവർക്ക് പുറത്തുപോരാൻ കഴിഞ്ഞു എന്നാണ്.

സർ, ഗവൺമെൻറിനു ഈ കാര്യത്തിൽ അവിടെ സംഘട്ടനമോ കുഴപ്പമോ ഉണ്ടാകാതെ നോക്കണമെന്നുള്ളതല്ലാതെ അതിന്റെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ചോ പൊസഷനെ സംബന്ധിച്ചോ യാതൊരു തീരുമാനവും എടുക്കാൻ അവകാശമില്ലെന്നു എല്ലാവർക്കും അറിയാം. അതുകൊണ്ട് കോടതി വിധി വരുന്നതുവരെ കുഴപ്പമുണ്ടാകാതെ നോക്കാനാണ് ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. വി. ടി. സബാസ്റ്റ്യൻ: സർ, കേരളാ കോൺഗ്രസ് ഓഫീസ് ശ്രീ. പി. ജെ. ജോസഫ് ഗ്രൂപ്പ് പിടിച്ചെടുത്തതിനെപ്പറ്റിയല്ല ഞാൻ അടിയന്തിരപ്രമേയത്തിനു നോട്ടീസ് നൽകിയത്.

കഴിഞ്ഞ ആഗസ്റ്റുമാസം 29-ാംതീയതി കേരളാ കോൺഗ്രസിന്റെ പാർലമെൻററി പാർട്ടി മീറ്റിംഗ് കോട്ടയത്തുള്ള ഞങ്ങളുടെ ഓഫീസിൽവച്ചു കൂടിയശേഷം രാത്രി മൂന്നുമണിയോടുകൂടി എന്റെ സഹപ്രവർത്തകൻമാരിൽ ഭൂരിപക്ഷംപേരും സ്ഥലം വിടുകയുണ്ടായി. ഞാൻ ശ്രീ. കെ. വി. കുര്യൻ എം. എൽ.എ.യും ശ്രീ. ഈപ്പൻ കണ്ടക്കുടി എം. എൽ. എ.യും

LIBRARY ARCHIVES Kerala Legislative Assembly

രാജ്യസഭാമെമ്പർ ശ്രീ. കെ. സി. സബാസ്റ്റ്യനും ഞങ്ങളുടെ കെട്ടിടത്തിലുള്ള ബഡ് റൂമിൽ കിടന്നുറങ്ങുകയായിരുന്നു. വെളുപ്പാൻകാലത്ത് 5 മണിയോടുകൂടി ഒരു പട്ടം റൗഡികളും കൊലവിളിയുമായി ഓഫീസിൽ കയറിവന്നു. അപ്പോഴും ആരുടെ നേതൃത്വത്തിലാണെന്നു ഞങ്ങൾക്ക് അറിയില്ല. അവർ വന്നു കതകിന്റെ വാതിലുകളും ചവിട്ടിപ്പൊളിച്ചു. ഞാൻ കിടക്കുന്ന മുറിയിൽ വരണമെങ്കിൽ അഞ്ചുമുറിയുടെ കതകുകളും ചവിട്ടിപ്പൊളിക്കണം. ആ അഞ്ചുമുറിയുടെയും കതകുകളും ചവിട്ടിപ്പൊളിച്ചു ഞാൻ കിടക്കുന്ന മുറിയിൽ കയറിവന്ന അക്രമികളും കൊലവിളിവിളിക്കുകയും എന്നെ മർദ്ദിക്കുകയും ചെയ്തു. ''ജീവൻ വേണമെങ്കിൽ പൊയ്ക്കൊള്ളൂ'' എന്നു പറഞ്ഞു ഭീഷണിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഞാൻ കഷ്ടിച്ചു രക്ഷപ്പെടുകയാണ് ചെയ്തത്. എന്നെക്കൂടാതെ കെ. വി. കുര്യനും രക്ഷപ്പെട്ടു. അഞ്ചരമണിക്ക് ഞങ്ങളും രണ്ടുപേരും ടൗൺ പോലീസ് സ്റ്റേഷനിൽ ചെന്നു. അപ്പോഴും അവിടെ പോലീസുകാരെല്ലാം റെഡിയായി നിൽക്കുകയായിരുന്നു. അവർ നേരത്തേ വിവരം അറിഞ്ഞിരുന്നു എന്നു ഞങ്ങളെ അറിയിക്കുകയും ചെയ്തു. രാജ്യസഭാമെമ്പർ കെ. സി. സെബാസ്റ്റ്യന്റെയും നിയമസഭാമെമ്പർ ഈപ്പൻ കണ്ടക്കുടിയുടെയും ജീവൻ അപകടപ്പെടാനിടയുണ്ട് അതുകൊണ്ട് പോലീസ് വേഗം എത്തണമെന്നാവശ്യപ്പെട്ടപ്പോഴും മുകളിൽനിന്നും നിർദ്ദേശമൊന്നും കിട്ടാതെ ഒന്നും ചെയ്യാൻ സാധ്യമല്ല എന്നുള്ള നിസ്സഹായാവസ്ഥയാണ് അവിടെക്കണ്ടത്. ഉടൻതന്നെ ഞാനും കെ. വി. കുര്യനും ഡി. എസ്. പി. യുടെ വീട്ടിൽച്ചെന്നു വിവരം ധരിപ്പിച്ചു. ''ഞാൻ ഐ. ജി. യെ വിളിച്ചിട്ടുണ്ട് നിർദ്ദേശം എന്തെന്നറിയട്ടെ'' എന്നാണദ്ദേഹം പറഞ്ഞത്. ''എന്തായാലും നിങ്ങളും കളക്ടറെക്കൂടി കാണൂ'' എന്നു അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളും കളക്ടറെയും കണ്ടു. കളക്ടർ വിളിച്ചപ്പോഴും മുഖ്യമന്ത്രി തിരുവനന്തപുരത്തില്ല. മുഖ്യമന്ത്രി എവിടെയാണെന്നന്വേഷിച്ചു അദ്ദേഹത്തിന്റെ മറുപടി എന്താണെന്നറിഞ്ഞിട്ടു മറ്റു കാര്യങ്ങളും ചെയ്യാമെന്നു അദ്ദേഹം പറഞ്ഞു. സർ, ഒരു രാജ്യസഭാമെമ്പറുടെയും ഒരു എം. എൽ. എ.യുടെയും ജീവൻ അപകടപ്പെടാൻ പോകുന്നു എന്നറിയിച്ചപ്പോഴത്തെ അവസ്ഥ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് സർ ഞാനിത്രയും പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസിൽ നിന്നു കിട്ടിയിരിക്കുന്ന റിപ്പോർട്ട് എന്താണെങ്കിലും സത്യം ഇതാണെന്നറിയിക്കാൻവേണ്ടിയാണ് ഞാനിതു പറയുന്നത്. ഈപ്പൻ കണ്ടക്കുടിയും കെ. സി. സെബാസ്റ്റ്യനും കുളിമുറിയിൽ കയറി രക്ഷപ്പെട്ടു. പോലീസ് ചെന്നതിനുശേഷമാണ് അവർ പുറത്തുവന്നത്. സെബാസ്റ്റ്യന്റെ ബാഗ്, കുറെ രൂപ, ഈപ്പൻ കണ്ടക്കുടിയുടെ ബാഗ്, വിലപിടിപ്പുള്ള കുറെ റിക്കാർഡുകളും, കുറെ പണം ഇവയെല്ലാം അക്രമികൾ കൊണ്ടുപോയി. ഇതുവരെ അതു വീണ്ടെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. സർ, പാർട്ടി പ്രവർത്തകരാണെങ്കിൽ മനസ്സിലാക്കാം; പക്ഷേ ഇതു ഒരു പട്ടം അക്രമികളാണ്. അവർ അവിടെ കൊള്ളയും കൊള്ളിവയ്പും നടത്താൻവേണ്ടി ഓടിനടക്കുകയാണ്. പോലീസ് നടപടി എടുത്തില്ല. വി. ടി. സെബാസ്റ്റ്യനെ മർദ്ദിച്ചതായി പറഞ്ഞിട്ടില്ല എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അഞ്ചരമണിക്ക് കൊടുത്ത എഫ്. ഐ. ആർ. സ്റ്റേറ്റുമെന്റിൽ ഞാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അക്കാര്യം ഒന്നുകൂടി പരിശോധിച്ചുനോക്കണം. അക്രമികളുടെ ഇത്തരം പ്രവർത്തനങ്ങളെപ്പറ്റി പോലീസിനെ അറിയിച്ചിട്ടും അവർ യഥാസമയം സ്ഥലത്തെത്താതിരിക്കുകയും അപഹരിക്കപ്പെട്ട സാധനങ്ങളും വീണ്ടെടുക്കാതിരിക്കുകയും അക്രമികളും സൈരവിഹാരം നടത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഇതാണോ

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തെ നീതി? സർ, ഈ പ്രശ്നത്തിൽ സഭ നിറുത്തിവച്ചുള്ള ഒരു ചർച്ച നടത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ഒന്നുരണ്ടു കാര്യങ്ങളും സൂചിപ്പിച്ചതിൻമേൽ രണ്ടു വാക്ക് പറയേണ്ടതുണ്ട്. പോലീസിനെ സമീപിച്ചപ്പോഴും കളക്ടറെ സമീപിച്ചപ്പോഴുമെല്ലാം 'മുകളിൽനിന്ന് നിർദ്ദേശമൊന്നുമില്ലാതെ ഒന്നും ചെയ്യാൻ സാധ്യമല്ല' എന്നു സൂചിപ്പിച്ചതായി അദ്ദേഹം ഇപ്പോഴും പറഞ്ഞു. വസ്തുത ഞാൻ പറയാം. ഞാൻ തിരുവനന്തപുരത്തില്ലായിരുന്നു, തൃശ്ശൂരിൽ ഉണ്ടായിരുന്നു. എന്നെ രാവിലെ വിളിച്ചു. ഞാൻ കളക്ടറെ വിളിച്ചപ്പോഴാ അദ്ദേഹം പോലീസ് സ്റ്റേഷനിൽനിന്നാണ് എന്നോട് സംസാരിച്ചത്. അതിനുകാരണം ടി. എം. ജേക്കബിനേയും 40-45 ആളുകളേയും അറസ്റ്റ്ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നിരിക്കുകയായിരുന്നു. അതുകാരണം കളക്ടർ ആ സ്ഥലത്തുതന്നെ ഉണ്ടായിരുന്നു. പോലീസ് ഇടപെട്ടില്ല, മുകളിൽനിന്നു നിർദ്ദേശംവരട്ടെ എന്നുപറഞ്ഞു എന്നു പറയുകയും പോലീസ് അവിടെച്ചെന്ന് സംഘട്ടനം ഒഴിവാക്കാൻ വേണ്ടി ആളുകളെ പുറത്താക്കി എന്നുപറയുകയും ചെയ്യുന്നതിൽനിന്നും മനസ്സിലാക്കാം എന്നോട് സംസാരിക്കുന്നതിനു മുൻപുതന്നെ ഇതു നടന്നു എന്ന്. ചില കാര്യങ്ങളെ സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങളും എന്തെങ്കിലും തിരുവനന്തപുരത്തുനിന്നും വേണമെന്ന് അവർ ആഗ്രഹിച്ചുകാണുമായിരിക്കും. എങ്കിലും സംഭവം ഉണ്ടായ സമയത്ത് പോലീസ് അവിടെ ചെയ്യേണ്ടകാര്യങ്ങളും ചെയ്തു. മറ്റൊരുകാര്യം അദ്ദേഹത്തെ മർദ്ദിച്ചതാണ്. 'അപ്പോഴത്തന്നെ മർദ്ദിച്ചവിവരം പറഞ്ഞിരുന്നു' എന്നാണദ്ദേഹം പറഞ്ഞത്. എനിക്കുകിട്ടിയ വിവരം അതല്ല. അദ്ദേഹം ഇപ്പോഴാ പറഞ്ഞതനുസരിച്ച് ഞാൻ അതു വെരിഫൈ ചെയ്യുന്നതാണ്.

ശ്രീ. കെ. എം. മാണി: സർ, ഒരുവാക്കു പറയാൻ എന്നെ അനുവദിക്കണം.

ശ്രീ. പി. ജെ. ജോസഫ്: സർ, ഒരു എക്സ്പ്ലനേഷനുള്ള സമയം തരണം. സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. . .

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ദയവായി ബഹുമാനപ്പെട്ട മെമ്പർമാർ ഇരിക്കണം.

ശ്രീ. ടി. എം. ജേക്കബ്: സർ, എന്റെ പേര് ഈ സഭയിൽ പരാമർശിക്കപ്പെട്ടതുകൊണ്ട് എനിക്കും ഒരുവാക്കു പറയാൻ അനുവാദം തരണം.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ചില മെമ്പർമാരും ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മെമ്പർമാരും ഒരുമിച്ചു സംസാരിച്ചുകൊണ്ടിരുന്നതിനാൽ അൽപ്പസമയത്തേയ്ക്ക് ഒന്നും വ്യക്തമല്ലായിരുന്നു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, എല്ലാ മെമ്പർമാരും ദയവായി ഇരിക്കണം. ഈ സ്ഥിതി തുടരുകയാണെങ്കിൽ വളരെ ബുദ്ധിമുട്ടാകുമെന്ന കാര്യം ഞാൻ വളരെ വേദനയോടുകൂടി അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി: സർ, മുഖ്യമന്ത്രി പറഞ്ഞതു തെറ്റാണ്. ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി).

Mr. Deputy Speaker in the chair

III. ശ്രദ്ധക്ഷണിക്കൽ

കൈത്തറി വ്യവസായ സ്തംഭനം

9·57 a.m.]

[ശ്രീ. എം. ചടയൻ ഗോവിന്ദൻ: കേരളത്തിലെ പരമ്പരാഗത വ്യവസായത്തിലൊന്നായ കൈത്തറി വ്യവസായം ഇക്കഴിഞ്ഞ അഞ്ചാറുമാസക്കാലമായി വീണ്ടും കാര്യമായതോതിൽ സ്തംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ ഫലമായി ഒരു ലക്ഷത്തിലധികംവരുന്ന കൈത്തറി തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലാണ് കഴിഞ്ഞുകൂടുന്നത്. ഇതിനു പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, നൂൽവില നിജപ്പെടുത്തുകയും നിജപ്പെടുത്തിയിട്ടുള്ള വിലയ്ക്ക് കൃത്യമായി വ്യവസായം നടത്തുന്നതിനാവശ്യമായ നൂൽ ലഭിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടും, വ്യവസായികളും അതുപോലെതന്നെ തൊഴിലാളി സംഘടനകളും ശക്തമായ അനവധി പ്രക്ഷോഭണങ്ങൾ കേരളത്തിൽ നടത്തിക്കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഈ കാര്യത്തിൽ ഗുരുതരമായ അലസമനോഭാവമാണ് ഗവൺമെന്റ് സ്വീകരിച്ചത് എന്നുള്ളതാണ് അനുഭവത്തിൽ കാണാൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോഴും ഉണ്ടായിട്ടുള്ള ഈ സമരത്തിന്റെ കാരണം നൂലിന്റെ അമിതമായ വിലക്കയറ്റവും അതുപോലെതന്നെ ആവശ്യമായ തരം നൂൽ ലഭിക്കാത്തതുമാണ്. വിലക്കയറ്റത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഈ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ മുപ്പതു ശതമാനം മുതൽ എഴുപതു ശതമാനംവരെ വിലവർദ്ധനവ് ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. ഇങ്ങനെ വിലവർദ്ധിക്കത്തക്കതരത്തിൽ നൂലിന്റെ ഉൽപ്പാദനച്ചെലവിൽ കാര്യമായ വർദ്ധനവ് ഉണ്ടായതായി ആർക്കും പറയാൻ സാദ്ധ്യമല്ല. ഞാൻ മനസ്സിലാക്കിയിടത്തോളം പഞ്ഞിയുടെ വിലയിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. തികച്ചും കൊള്ളയടിക്കൽ എന്ന വിധത്തിലാണ് മിൽ ഉടമസ്ഥൻമാർ ഈ സന്ദർഭം ഉപയോഗപ്പെടുത്തി വിലയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്. തീർച്ചയായും ഇതിന് പരിഹാരം കാണുക എന്നു പറയുമ്പോഴും ഈ സംസ്ഥാന ഗവൺമെന്റിനുമാത്രം സാധിക്കുന്ന കാര്യമാണ് അത് എന്ന് എനിക്ക് അഭിപ്രായമില്ല. ഈ സംസ്ഥാനത്തിന് വെളിയിലുള്ള മില്ലുകളിലാണ് നൂൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഈ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യം ഗൗരവമായി കൊണ്ടുവരികയും യാതൊരു ദാക്ഷിണ്യവുമില്ലാതെ കൊള്ളയടിക്കൽ സ്വഭാവം എന്ന നിലയ്ക്ക് വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതിന് ഒരു നിയന്ത്രണം വരുത്തുന്നതിന് കേന്ദ്രത്തെക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിപ്പിക്കാനും ഈ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഇത്രയും ശബ്ദം ഉയർത്തിക്കഴിഞ്ഞിട്ടും സംസ്ഥാന ഗവൺമെന്റ് ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴാണെങ്കിൽ മിക്കവാറും പൂർണ്ണമായി ഈ വ്യവ

LIBRARY ARCHIVES Kerala Legislative Assembly